**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2990** **13-10-2021 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ സാംസ്കാരിക വകുപ്പ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഇ ചന്ദ്രശേഖരൻ | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ സാംസ്കാരിക വകുപ്പിനുകീഴിൽ ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് നിയോജകമണ്ഡലം തിരിച്ച് വിശദമാക്കാമോ; | (എ) | 2018-ൽ സാംസ്കാരിക വകുപ്പിനു കീഴിൽ tudangiya യുവകലാകാരന്മാർക്കുള്ള വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി കാസർഗോഡ് ജില്ലിയിലും നടപ്പിലാക്കി വരുന്നു. കാസർഗോഡ് ജില്ലയിൽ പദ്ധതിയുടെ ഭാഗമായി കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിന് കീഴിലുള്ള ബ്ലോക്കുകളിൽ 9 ഉം, ഉദുമ നിയോജക മണ്ഡലത്തിന് കീഴിലുള്ള ബ്ലോക്കുകളിൽ 6 ഉം, കാസർഗോഡ് നിയോജക മണ്ഡലത്തിന് കിഴിലുള്ള ബ്ലോക്കുകളിൽ 5 ഉം, തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിന് കീഴിലുള്ള ബ്ലോക്കുകളിൽ 8 ഉം കലാകാരന്മാരെ വിന്യസിക്കുകയും പ്രസ്തുത കലാകാരന്മാർ അതാത് ബ്ലോക്കു പഞ്ചായത്തിനു കീഴിലുള്ള വിവിധ കേന്ദ്രങ്ങളിൽ വിവിധ കലാരൂപങ്ങളിൽ കലാപരിശീലനം നൽകുകയും ചെയ്യുന്നുണ്ട്. ഓരോ കലാകാരനും 10,000/- രൂപ സാംസ്കാരിക വകുപ്പിൽ നിന്നും 5,000/- രൂപ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ഉൾപ്പെടെ ആകെ 15,000/- രൂപ വീതം ഫെല്ലോഷിപ്പായി പ്രതിമാസം നൽകി വരുന്നുണ്ട്. കേരളത്തിലെ 14 ജില്ലകളിലും നവോത്ഥാന നായകരുടെ നാമധേയത്തിൽ സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്ന ഒരു പദ്ധതി സർക്കാർ നടപ്പിലാക്കി വരുന്നുണ്ട്. നവോത്ഥാന നായകൻ സുബ്രഹ്മണ്യൻ തിരുമുമ്പിന്റെ നാമധേയത്തിൽ കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ ഹോസ്ദുർഗ് താലൂക്കിൽ ഈ പദ്ധതിയിൻ കീഴിൽ സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണം പുരോഗമിക്കുന്നു. |
| (ബി) | കാഞ്ഞങ്ങാട് മടിക്കൈയിലെ ടി.എസ്.തിരുമുമ്പ് സാംസ്കാരിക സമുച്ചയ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ? | (ബി) | കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ് താലൂക്കിൽ മടിക്കൈ പഞ്ചായത്തിൽ നാലേക്കർ ഭൂമിയിൽ നവോത്ഥാന നായകൻ സുബ്രഹ്മണ്യൻ തിരുമുമ്പിന്റെ നാമധേയത്തിലുള്ള സാംസ്കാരിക സമുച്ചയത്തിന്റെ |

| | | | |
|---|---|---|---|
| | | | നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി കിഫ്ബി അനുവദിച്ച 41.95 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. അഡ്മിഷൻ ബ്ലോക്ക്, എക്സിബിഷൻ ബ്ലോക്ക്, ആഡിറ്റോറിയം ബ്ലോക്ക്, പെർഫോർമൻസ് ബ്ലോക്ക്, ഓപ്പൺ എയർ തിയറ്റർ, കഫറ്റേരിയ ബ്ലോക്ക് എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എൻട്രൻസ് ബ്ലോക്കിന്റെ മെഷീനറി വർക്കുകളും പ്ലാസ്റ്ററിംഗ് വർക്കുകളും എക്സിബിഷൻ ബ്ലോക്കിന്റെ ഫസ്റ്റ് ഫ്ലോർ കോളം വർക്കുകളും ഗ്രൗണ്ട് ഫ്ലോറിന്റെ റൂഫ് /സ്ലാബ് മെഷീനറി, പ്ലാസ്റ്റിംഗ് വർക്കുകളും പുരോഗമിക്കുന്നു. പദ്ധതിയുടെ ഒന്നാംഘട്ട ഉദ്ഘാടനം 19.02.2020 ന് നിർവഹിച്ചു. |

സെക്ഷൻ ഓഫീസർ